# 31. ആയിരത്തിത്തൊള്ളായിരത്തി എൺപത്തേഴ്

1986 നവംബർ 27–ാം തീയതി മി. ഗോർബച്ചേവും ശ്രീ രാജീവ് ഗാന്ധിയും ഒപ്പുവെച്ച ദില്ലി പ്രഖ്യാപനത്തിൽ ഇങ്ങനെ പറയുന്നു:

'ചരിത്രത്തിൽ, നിർണായകമായ ഒരു വഴിത്തിരിവിലാണ് ഇന്നു മനുഷ്യവർഗം നിലകൊള്ളുന്നത്. യുഗങ്ങളിലൂടെ മനുഷ്യൻ സൃഷ്ടിച്ച എല്ലാററിനെയും മാത്രമല്ല, മനുഷ്യനെത്തന്നെയും, ഒപ്പം ഭൂമിയിലുള്ള ജീവസമഷ്ടിയെക്കൂടിയും, അണുആയുധങ്ങൾ നശിപ്പിച്ചേക്കാമെന്ന ഭീഷണി ഉയർന്നിരിക്കുന്നു. അണുയുഗത്തിൽ മനുഷ്യവർഗത്തിൻെറ അതിജീവനത്തിനു വിശ്വസനീയമായ ഉറപ്പുനൽകുന്ന ഒരു പുതിയ രാഷ്ട്രീയചിന്തയും, ലോകത്തെപ്പററി ഒരു പുതിയ ധാരണയും മനുഷ്യവർഗം വികസിപ്പിച്ചെടുക്കണം. കൂടുതൽ സുരക്ഷിതവും കൂടുതൽ ന്യായനിഷ്ഠവുമായ ഒരു ലോകത്തിൽ ജീവിക്കാനാണു ജനങ്ങൾ ആഗ്രഹിക്കുന്നത്. അണുആയുധങ്ങളുടെ ഭീകര ഭീഷണിക്കും നൈരാശ്യത്തിനും ബന്ദികളായിരിക്കുക എന്നതാവരുത് മനുഷ്യവർഗത്തിൻെറ ഭാഗധേയം. കൂടുതൽ നല്ല ഒരു ഭാഗധേയം മനുഷ്യവർഗം അർഹിക്കുന്നുണ്ട്. ഇന്നത്തെ സാർവലൗകിക സാഹചര്യം മാററണം; അക്രമവും വിദ്വേഷവും ഭയവും പരസ്പരശങ്കയും ഇല്ലാത്തതും അണുആയുധ നിർമുക്തവുമായ ഒരു ലോകം സൃഷ്ടിക്കുകയും വേണം.

'നമുക്കു പൈതൃകമായി കിട്ടിയ ഈ ലോകം ഇന്നത്തെ തലമുറയ്ക്കു മാത്രമല്ല, വരാനിരിക്കുന്ന തലമുറകൾക്കുകൂടി അവകാശപ്പെട്ടതാണ്. ഇതിനർത്ഥം, വിശ്വജനീനമായി അംഗീകരിക്കപ്പെട്ട മനുഷ്യമൂല്യങ്ങൾക്കു പ്രാഥമ്യം നൽകണമെന്നതാകുന്നു. ജീവിതത്തിനും സ്വാതന്ത്ര്യത്തിനും സമാധാനത്തിനും സുഖാന്വേഷണത്തിനുമുള്ള അവകാശം ഓരോ രാഷ്ട്രത്തിനും ഓരോ മനുഷ്യനും ഉണ്ട് എന്ന തത്ത്വം അംഗീകരിക്കപ്പെടണം. ബലപ്രയോഗത്തെയും ബലപ്രയോഗഭീഷണിയേയും വർജിക്കണം. സ്വന്തം ഇഷ്ടത്തിനനുസരിച്ച സാമൂഹ്യവും രാഷ്ട്രീയവും ആദർശസംഹിതീയവുമായ സംവിധാനങ്ങൾ തിരഞ്ഞെടുക്കാൻ ഓരോ മനുഷ്യനും ഉള്ള അവകാശത്തെ എല്ലാവരും ആദരിക്കണം. ചിലരുടെമേൽ മററു ചിലർ ആധിപത്യം ചുമത്തുന്നതിനു ഉദ്ദേശിച്ച് രൂപം നൽകിയ നയങ്ങൾ ഉപേക്ഷിക്കപ്പെടണം. അണുആയുധങ്ങൾ ഉപയോഗിച്ച് ഒരു യുദ്ധം ഒരിക്കലും നടക്കരുത്. അത്തരം ഒരു യുദ്ധത്തിൽ ആർക്കും ഒരിക്കലും വിജയം ഉണ്ടാവില്ല എന്നത് എല്ലാ ആളുകളും അംഗീകരിച്ചുകഴിഞ്ഞ ഒരു ഉത്തമബോദ്ധ്യമാണ്. ഈ ബോദ്ധ്യത്തെ തുരങ്കംവെക്കുന്നതാണ് അണുആയുധശേഖരങ്ങളുടെ വിപുലീകരണവും അന്തരീക്ഷ—ആയുധങ്ങളുടെ വികസനവും.'

മനുഷ്യവർഗത്തിൻെറ നിർഭാഗ്യമെന്നു പറയട്ടെ, അണുആയുധശേഖരങ്ങളുടെ വിപുലീകരണത്തിലും അന്തരീക്ഷ—ആയുധങ്ങളുടെ വികസനത്തിലും വൻശക്തികൾക്കിടയിൽ മുമ്പൊരിക്കലും ഉണ്ടാകാത്ത തരത്തിലുള്ള ഒരു മത്സരമായിരിക്കും 1987–ാമാണ്ടിൻെറ സവിശേഷത എന്നു കരുതാനാണു ന്യായം കാണുന്നത്.

അണുആയുധനിരോധനം സംബന്ധിച്ച ഒരു പ്രായോഗികപരിപാടി ആവിഷ്കരിക്കുന്നതിനു ഐസ്‌ലാൻഡിലെ റെയ്ക്യാവിക്കിൽ വെച്ച് മി.ഗോർബച്ചേവും പ്രസിഡണ്ട് റേയ്ഗനും തമ്മിൽ 1986 ഒക്ടോബർ മദ്ധ്യത്തിൽ നടന്ന ചർച്ച തകർന്നതു് അന്തരീക്ഷ—ആയുധ

ങ്ങളുടെ വികസനത്തിൽനിന്നു പിന്മാറാൻ അമേരിക്ക വിസമ്മതിച്ചതു കൊണ്ടായിരുന്നു. അതിനുശേഷം അന്തരീക്ഷ–ആയുധങ്ങളുടെ വികസനത്തിൽ ഉണ്ടായ പുരോഗതിയെപ്പററി വ്യക്തമായ അറിവില്ല. എങ്കിലും, ഉഗ്രശക്തിയുള്ള ലേസറുകഠം, അണു–ഘടകപുഞ്ജങ്ങഠം (പാർട്ടിക്കിഠം ബീം) മുതലായവയെപ്പററിയും, ഇവയെ ചെറുത്തുനിൽക്കാൻ കഴിവുള്ള ലോഹക്കൂട്ടുകഠം, കൃത്രിമവസ്തുക്കഠം മുതലായവയെപ്പററിയും ഭയജനകങ്ങളായ പത്രവാർത്തകഠം ഇടയ്ക്കിടെ പ്രത്യക്ഷപ്പെടുന്നുണ്ട്. അമേരിക്ക നക്ഷത്രയുദ്ധത്തിനു തയ്യാറെടുക്കുന്നതു കൈയുംകെട്ടി നോക്കിയിരിക്കാൻ സോവിയററ് റഷ്യയ്ക്കു സാദ്ധ്യമല്ലെന്ന് അധികൃതമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. അമേരിക്കയ്ക്കും സോവിയററ് യൂണിയനും പുറമേ, പശ്ചിമ യൂറോപ്യൻ രാജ്യങ്ങഠംക്കുമുണ്ട് 'യൂരേക' എന്ന പേരിൽ ഒരു അന്തരീക്ഷ–ആയുധവികസനപദ്ധതി. ചുരുക്കത്തിൽ, അന്തരീക്ഷ–ആയുധനിർമാണരംഗത്തു ചൂടുപിടിച്ച ഒരു അന്താരാഷ്ട്രീയ മത്സരം ഒരുപക്ഷേ, ത്രികോണമത്സരം നടന്നുകൊണ്ടിരിക്കുകയാണ്. അളവററ ധനവും വിഭവങ്ങളും മനുഷ്യശക്തിയും ഈ മത്സരത്തിൽ വൃഥാ ഹോമിക്കപ്പെടുന്നു.

അണുആയുധശേഖരങ്ങളുടെ വിപുലീകരണത്തിനുള്ള പരിശ്രമങ്ങളും ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. പുതിയ അണുആയുധങ്ങഠം നിർമിക്കുന്നതിനുവേണ്ടിയുള്ള പരീക്ഷണ–സ്ഫോടനങ്ങഠം നിശ്ചിത പരിപാടി അനുസരിച്ച് അമേരിക്ക നടത്തിക്കൊണ്ടിരിക്കുന്നു. പരീക്ഷണസ്ഫോടനങ്ങഠം അമേരിക്ക ഉപേക്ഷിക്കാത്ത പക്ഷം, ഒന്നര വർഷത്തോളമായി സ്വമേധയാ നിർത്തിവെച്ചിരുന്ന പരീക്ഷണസ്ഫോടനങ്ങഠം 1987 ജനുവരിമുതൽ പുനരാരംഭിക്കുമെന്ന് സോവിയററ് യൂണിയൻ പ്രഖ്യാപിച്ചിട്ടുണ്ട്. വ്യാപകമായ പ്രതിഷേധം വകവെക്കാതെ ശാന്തസമുദ്രമദ്ധ്യത്തിലെ ചെറുദ്വീപുകളിൽ ഫ്രാൻസ് പരീക്ഷണസ്ഫോടനങ്ങഠം നടത്തിക്കൊണ്ടിരിക്കുന്നു. ഒരു മാസം മുമ്പ് പാകിസ്ഥാനിൽ ഒരു ചെറിയ അണു സ്ഫോടനമോ, അണുസ്ഫോടനത്തിന് ഉപകരിക്കുന്ന ഒരു സംവിധാനത്തിന്റെ സ്ഫോടനമോ നടന്നതായി പത്രവാർത്തകഠം ഉണ്ടായിരുന്നു. അമേരിക്ക, സോവിയററ് യൂണിയൻ എന്നീ രാഷ്ട്രങ്ങളുടെ ആയുധശേഖരത്തിൽ അറുപതിനായിരത്തോളം അണുബോംബുകഠം ഇപ്പോഠംത്തന്നെ ഉണ്ടെന്നാണു പറയപ്പെടുന്നതു്. ബ്രിട്ടൻ, ഫ്രാൻസ്, ചൈന എന്നീ രാഷ്ട്രങ്ങളുടെ കൈവശവുമുണ്ട് കുറെ അണുബോംബുകഠം. ഇസ്രായേൽ, തെക്കേ ആഫ്രിക്ക, ഇന്ത്യ, പാകിസ്ഥാൻ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങഠംക്കും അണുബോംബുനിർമാണക്കഴിവുണ്ട്. വേണമെന്നു തോന്നിയാൽ ജപ്പാനും തെക്കൻ കൊറിയയ്ക്കും തൈവാനും പശ്ചിമ ജർമനിപോലുള്ള യൂറോപ്യൻ രാജ്യങ്ങഠംക്കും എന്നും അണുബോംബുകഠം നിർമിക്കാവുന്നതേയുള്ളു. ജീവമണ്ഡലത്തെയാകെ എന്നെന്നേക്കുമായി ഭൂമിയിൽ നിന്നു പലവട്ടം തുടച്ചുനീക്കാൻ പര്യാപ്തമായ അണുആയുധക്കൂമ്പാരം 1987–ാമാണ്ടിൽ നമ്മോടൊപ്പം ഉണ്ടായിരിക്കും എന്നതിൽ യാതൊരു സംശയവുമില്ല.

അണുആയുധങ്ങഠം കണിശമായി ലക്ഷ്യത്തിൽ വീഴ്ത്തുന്നതിനുള്ള ഉപകരണങ്ങളുടെ കാര്യത്തിലും വൻശക്തികഠം പരസ്പരം മത്സരിച്ചു കൊണ്ടിരിക്കുകയാണ്. സോവിയററ് റഷ്യയും അമേരിക്കയും തമ്മിൽ ഉണ്ടാക്കിയ 'സാഠംട്ട്–2' എന്ന കരാർ ലംഘിച്ച്, അണുബോംബുകഠം കയററിയ ഒരു പടുകൂററൻ വിമാനം ഈയിടെ അമേരിക്ക നിർമിച്ചു സ്വന്തം ആയുധശേഖരത്തിൽ ചേർക്കുകയുണ്ടായി. വളരെ ദൂരത്തിൽ അണുബോംബുകഠം വിക്ഷേപിക്കുന്നതിനുള്ള റോക്കററുകളുടെ എണ്ണം

സന്ധിപ്രകാരം പരിമിതപ്പെടുത്തേണ്ടിവന്നപ്പോഴാണ് പത്തും പന്ത്രണ്ടും അണുബോംബുകരം വഹിച്ചുകൊണ്ടുപോയി വ്യത്യസ്ത ലക്ഷ്യങ്ങളിൽ വിക്ഷേപിക്കാൻ കഴിവുള്ള 'മിർവ്'' എന്ന ഭൂഖണ്ഡാന്തര റോക്കററുകരം നിർമിക്കാൻ തുടങ്ങിയതു്. 1986 ഡിസംബർ 22—ാം തീയതി 'വയോമിങ്'' എന്ന സ്ഥലത്തുള്ള വിമാനസേനത്താവളത്തിൽ അമേരിക്ക സ്ഥാപിച്ച പത്തു് 'എം. എക്സ്.' മിസൈലുകരം ഓരോന്നിലും പത്തു് അണുബോംബുകരം വീതം ഘടിപ്പിച്ചിട്ടുണ്ടു്. ഇവ 9600 കി. മീ. ദൂരത്തിൽ വിക്ഷേപിക്കുകയുംചെയ്യാം. വിക്ഷേപിക്കുംമുമ്പു നശിപ്പിക്കപ്പെടാതിരിക്കാനായി, സഞ്ചരിച്ചുകൊണ്ടിരിക്കുന്ന തീവണ്ടികളിൽ 'എം. എക്സ്.' മിസൈലുകരം സ്ഥാപിക്കാനും അമേരിക്ക ഉദ്ദേശിക്കുന്നു. റോക്കററുകരം, വിമാനങ്ങരം എന്നിവയ്ക്കു പുറമെ കപ്പലുകരം, മുങ്ങിക്കപ്പലുകരം എന്നിവയിലും അണുബോംബുകളും അവ വഹിക്കുന്ന റോക്കററുകളും ഘടിപ്പിക്കപ്പെട്ടിട്ടുണ്ടു്. ട്രക്കുകളിലും കാറുകളിലും കയററാവുന്നത്ര ചെറിയ അണുബോംബുകളുമുണ്ടു്. പീരങ്കികളിൽ ഉണ്ടയായി ഉപയോഗിക്കാവുന്നത്ര വലിപ്പമേ ചില അണുബോംബുകരംക്കു് ഉള്ളൂ. ചുരുക്കത്തിൽ, ലോകരാഷ്ട്രങ്ങളുടെ അണുആയുധശേഖരവും, അണുആയുധങ്ങരം വിക്ഷേപിക്കാനുള്ള ഉപകരണങ്ങളുടെ ശേഖരവും, അണുആയുധങ്ങരം നിർമിക്കാനുള്ള യുറേനിയം, പ്ലൂട്ടോണിയം മുതലായ അസംസ്കൃതവിഭവങ്ങളുടെ ശേഖരവും നാരംതോറും വർദ്ധിച്ചുവരികയാണു്.

സമകാലലോകത്തിലെ ഏററവും വലിയ വ്യവസായം ആയുധവ്യവസായമാകുന്നു. ഇസ്രായേലും അറബിരാഷ്ട്രങ്ങളും തമ്മിലുള്ള കലഹത്തിനു് കാൽനൂററാണ്ടിലേറെ പഴക്കമുണ്ടു്. 1980–ൽ ആരംഭിച്ചതാണ് ഇറാൻ–ഇറാക്ക് യുദ്ധം. തെക്കേ ആഫ്രിക്കയ്ക്കും അയൽരാജ്യങ്ങരംക്കും ഇടയിൽ ഏറെക്കുറെ യുദ്ധപരിസ്ഥിതികളാണു നിലവിലുള്ളതു്. പാകിസ്ഥാനു് അമേരിക്ക നൽകുന്ന ആയുധക്കൂമ്പാരം ഇന്ത്യയെ അസ്വസ്ഥമാക്കുന്നു. അഫ്ഘാനിസ്ഥാൻ ഒരു ആഭ്യന്തരകലാപത്തിൻെറ മദ്ധ്യത്തിലാണു്. വിയററ്നാമും ചൈനയും തമ്മിലുള്ള മത്സരം കമ്പൂച്ചിയയിൽ യുദ്ധമായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. ആഭ്യന്തര യുദ്ധഭീഷണിയിലാണു പല നവ സ്വതന്ത്രരാഷ്ട്രങ്ങളും. ഈ സാഹചര്യത്തിൽനിന്നു മുതലെടുത്തു് വ്യവസായവൽകൃതരാഷ്ട്രങ്ങരം വിപുലമായ ഒരു ആയുധവ്യവസായം വളർത്തിയെടുത്തിരിക്കുന്നു. സമ്പന്നരാഷ്ട്രങ്ങളുടെ ഇപ്പോഴത്തെ ഉയർന്ന ജീവിതത്തോതിൻെറ അടിസ്ഥാനം ആയുധവ്യവസായമാകുന്നു. ആയുധക്കയററുമതിയിൽ കുറവുവരുന്നപക്ഷം, അമേരിക്കയിലും പശ്ചിമയൂറോപ്യൻരാജ്യങ്ങളിലും പല വ്യവസായശാലകളും പൂട്ടേണ്ടിവരും; ഒട്ടധികം തൊഴിലാളികരംക്കു ജോലിയില്ലാതാവും. മുതലാളിത്തരാഷ്ട്രങ്ങളിലെല്ലാം വലിയ സാമ്പത്തികമാന്ദ്യം അനുഭവപ്പെടാനും സാദ്ധ്യതയുണ്ടു്.

ഭീകരരെന്നു മുദ്രകുത്തി ആയുധക്കയററുമതി നിരോധിക്കപ്പെട്ട ഇറാൻകാർക്കു് ഇസ്രായേൽവഴി ആയുധങ്ങരം കരിഞ്ചന്തവിലയ്ക്കു വിററ്, കിട്ടിയ ലാഭംകൊണ്ടു് നിക്കറാഗ്വയിലെ ജനാധിപത്യ സർക്കാരിനെതിരെ പൊരുതുന്ന കലാപകാരികരംക്കു് ആയുധങ്ങരം വാങ്ങിക്കൊടുത്ത കുടിലകൃത്യത്തിൽ അമേരിക്കൻ പ്രസിഡണ്ടു് റേയ്ഗനും അദ്ദേഹത്തിൻെറ തൊട്ടു കീഴിലുള്ള വലിയ ഉദ്യോഗസ്ഥന്മാർക്കും ഉണ്ടായിരുന്ന പങ്കു് അമേരിക്കയിൽ വലിയൊരു രാഷ്ട്രീയ അപവാദത്തിൻെറ രൂപം കൈക്കൊണ്ടിരിക്കുകയാണു്. രണ്ടാം മഹായുദ്ധത്തിനുശേഷം അമേരിക്കൻ മുതലാളിത്തത്തിൻെറ നേതൃത്വത്തിൽ ഉരുത്തിരിഞ്ഞുവന്നിട്ടുള്ള പുതിയ കൊളോണിയലിസ–സൈനികാധിപത്യ–പ്രതിഭാസത്തെപ്പററി 1986 നവംബറിൽ ദില്ലിയിൽ സോവിയററ് സുഹൃദ്

സംഘടനകളുടെ ഒരു യോഗത്തിൽ മി. ഗോർബച്ചേവ് ഇങ്ങനെ പറയുകയുണ്ടായി:

'ബഹുരാഷ്ട്രവ്യവസായസംഘടനകളുടെ (ട്രാൻസ്–നാഷണൽ കോർപ്പറേഷനുകളുടെ) പ്രവർത്തനത്തെ ആശ്രയിച്ചുള്ളതാണ് 'നിയോ–ഗ്ലോബലിസം' എന്ന ഈ നയം. അതു ചില രാഷ്ട്രങ്ങളെ മറ്റു ചില രാഷ്ട്രങ്ങൾക്കെതിരായി പടക്കളത്തിലിറക്കുന്നു. ഉയർന്നുവരാൻ തുടങ്ങുന്ന സംഘർഷാഗ്നിയിൽ എണ്ണയൊഴിച്ചുകൊടുക്കുന്നു. തങ്ങൾക്ക് ഇഷ്ടമില്ലാത്ത ഭരണകൂടങ്ങൾക്കെതിരെ പട്ടാളനടപടികളും സർക്കാർ നേതൃത്വത്തിലുള്ള ഭീകരപ്രവർത്തനങ്ങളും (സ്റ്റേററ്ടെററിസം) തൊടുത്തുവിടുന്നു. ഗവണ്മെൻറുകൾക്കെതിരായി അക്രമം പ്രവർത്തിക്കുന്ന കലാപക്കാർ (കോൺട്രകൾ), വിഘടനവാദികൾ, ഭീകരപ്രവർത്തകർ എന്നിവർക്ക് നിയോ–ഗ്ലോബലിസ്റ്റുകൾ പരിശീലനവും ആയുധസഹായവും ധനസഹായവും നൽകുന്നു. തങ്ങൾക്ക് ഇഷ്ടമില്ലാത്ത ഭരണകൂടങ്ങൾക്കെതിരെ ഇവർ സാമ്പത്തിക–ഉപരോധം (ബ്ലോക്കേഡ്) സംഘടിപ്പിക്കുന്നു. കടത്തിൽ അവരെ കുടുക്കുന്നു. രാഷ്ട്രീയവും ആദർശസംഹിതീയവും ആയ, എല്ലാത്തരത്തിലുമുള്ള, അട്ടിമറികളും, ഗൂഢാലോചനകളും, ആഭ്യന്തരനയങ്ങളിൽ കൈകടത്തലുകളും, പുരോഗമനപരങ്ങളായ സർക്കാരുകളെ തുരങ്കംവെക്കുന്നതിനുള്ള മറ്റു നടപടികളും നിയോ–ഗ്ലോബലിസത്തിൽ അടങ്ങുന്നു. മദ്ധ്യ അമേരിക്കയിലും പടിഞ്ഞാറേ ഏഷ്യയിലും തെക്കേ ഏഷ്യയിലും തെക്കുകിഴക്കേ ഏഷ്യയിലും തെക്കേ ആഫ്രിക്കയോടു തൊട്ടുകിടക്കുന്ന രാഷ്ട്രങ്ങളിലും ശാന്തസമുദ്രത്തിലും ഇന്ത്യാസമുദ്രത്തിലുമുള്ള ചെറു രാഷ്ട്രങ്ങളിലും നിയോ–ഗ്ലോബലിസത്തിൻെറ പ്രവർത്തനം പ്രകടമാണ്.'

അവികസിതങ്ങളായ ദരിദ്രരാഷ്ട്രങ്ങൾക്കിടയിൽ ഇന്നു വ്യാപകമായി കാണുന്ന അസ്വസ്ഥതകളിലേക്കും അവയുടെ മൂലകാരണങ്ങളിലേക്കുമാണ് മി. ഗോർബച്ചേവ് ഇവിടെ വിരൽ ചൂണ്ടിയതു്. ദരിദ്രരാഷ്ട്രങ്ങളിൽ യുദ്ധഭീതി വളർത്തി, അവയ്ക്ക് വലിയ വിലയ്ക്ക് ആയുധങ്ങൾ വിററാണ് വ്യാവസായികമായി വികസിച്ച ധനികരാഷ്ട്രങ്ങൾ ഇന്നു സാമ്പത്തികപ്രതിസന്ധിയിൽനിന്നു രക്ഷപ്പെട്ടു നിൽക്കുന്നതു് എന്ന് മുമ്പു പറഞ്ഞുവല്ലോ. ഇതു നിമിത്തം, ജനങ്ങളുടെ പട്ടിണി നീക്കാനും, അവർക്കു തൊഴിലും വിദ്യാഭ്യാസവും വൈദ്യസഹായവും പാർപ്പിടവും മിനിമം ജീവിതസൗകര്യങ്ങളും നൽകാനുംവേണ്ടി ചെലവഴിക്കേണ്ട പൊതുവരുമാനം ആയുധങ്ങൾക്കുവേണ്ടി ദുർവ്യയംചെയ്യാൻ ദരിദ്രരാഷ്ട്രങ്ങൾ നിർബദ്ധരാകുന്നു. അടുത്തയാണ്ടിൽ പാകിസ്ഥാൻെറ മൊത്തം ബജററിൽ അറുപതു ശതമാനവും സൈനികച്ചെലവാണെന്നു പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. പാകിസ്ഥാൻ ആയുധവല്ക്കരിക്കപ്പെടുമ്പോൾ ഇന്ത്യ എങ്ങനെ നിഷ്ക്രിയമായിരിക്കും? ഇന്ത്യയുടെ 1986–ലെ സൈനികച്ചെലവിനെ അപേക്ഷിച്ച് 1987–ലെ സൈനികച്ചെലവ് അറുപതു ശതമാനം വർദ്ധിക്കുമെന്നു പറയപ്പെടുന്നു.

അന്താരാഷ്ട്രീയസംഘർഷം ഒഴിവാക്കുന്നതിനുവേണ്ടി സ്ഥാപിക്കപ്പെട്ട ഐക്യരാഷ്ട്രസംഘടന ഇന്ന് ഏറെക്കുറെ നിർജീവമായിരിക്കുന്നു. ഒരു യുദ്ധവും, രണ്ടു രാജ്യങ്ങൾക്കിടയിലുള്ള ഒരു തർക്കവും, ഒഴിവാക്കാനുള്ള നൈതികമായ കഴിവോ, ശക്തിയോ ഇന്ന് ഐക്യരാഷ്ട്രസംഘടനയ്ക്കില്ല.

1986 നവംബറിൽ അമേരിക്കൻ സ്റ്റേററ് സെക്രട്ടറി ജോർജ് ഷുൾട്ത്സ് ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

'ഭാവിയിൽ എത്രയോ കാലത്തേക്ക്, ഒരു മഹായുദ്ധം ഉണ്ടാകാതെ തടുക്കുന്നതിനായി അമേരിക്കയ്ക്കും അമേരിക്കയുടെ സഖ്യശക്തികൾക്കും

അണുആയുധങ്ങളെത്തന്നെ ആശ്രയിക്കേണ്ടിവരും. ഇതിനർത്ഥം, നമ്മുടെ അണുആയുധസേനകളെ വിശ്വാസ്യവും ഫലപ്രദവുമായ വിധത്തിൽ നാം വികസിപ്പിച്ചു നിലനിറുത്തണമെന്നതാണ്.'

ഇതിൽനിന്നെല്ലാം ഒരു വസ്തുത വ്യക്തമാകുന്നു: അന്താരാഷ്ട്രീയ സംഘഷം 1987–ൽ വർദ്ധിക്കുകയല്ലാതെ കുറയുകയുണ്ടാവില്ല.

വർദ്ധിച്ചുവരുന്ന ലോകസംഘർഷത്തിന്റെ ഒരു ഫലനം(ഇഫെക്റ്റ്) ആണ് ലോകവ്യാപകമായി നടന്നുവരുന്ന ഭീകരപ്രവർത്തനങ്ങൾ. ഒരു രാഷ്ട്രവും ഇന്നു ഭീകരപ്രവർത്തനങ്ങളിൽനിന്നു തികച്ചും മുക്തമല്ല. ഇന്ത്യയാകട്ടെ, പല തരത്തിലുള്ള ഭീകരപ്രവർത്തനങ്ങളുടെ അഴിഞ്ഞാട്ടത്തിനു രംഗമായിത്തീർന്നിരിക്കുകയുമാണ്. മതം, പ്രാദേശികവാദം, ഭാഷാവാദം മുതലായവയുടെ മുഖംമൂടികൾ അണിഞ്ഞാണ് പലപ്പോഴും ഭീകരപ്രവർത്തനങ്ങൾ ഇന്ത്യയിൽ കരുത്താർജിക്കുന്നത്. സിഖ് ഭീകരവാദത്തിന് ആവേശം നൽകുന്നത് മതമാകുന്നു. ഈ ഭീകരവാദം അണിഞ്ഞ മുഖംമൂടി ദേശീയ വിമോചനത്തിന്റേതുമാകുന്നു. തങ്ങൾക്ക് എപ്പോൾ, എവിടെ, ആരെ, വേണമെങ്കിലും വകവരുത്താനുള്ള കഴിവുണ്ടെന്ന് സിഖ് ഭീകരർ തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. നാൾ ചെല്ലുന്തോറും സിഖ് പ്രശ്നം പരിഹാരത്തോട് അടുക്കുകയല്ല; കൂടുതൽ കെട്ടുപിണയുകയാണ് ചെയ്യുന്നത് എന്നും ഭയപ്പെടേണ്ടിയിരിക്കുന്നു.

പശ്ചിമ ബംഗാളിൽ ഡാർജിലിംഗ് കേന്ദ്രമാക്കി വളർന്നുവരുന്ന ഗോർഖാലാൻഡ് പ്രസ്ഥാനവും ഭീകരപ്രവർത്തനത്തിന്റെ മേഖലയിലേക്കു നീങ്ങാനുള്ള പ്രവണതകളാണ് കാണിക്കുന്നത്. മതത്തിന്റെ ആവേശമില്ലെങ്കിലും, ദേശീയ വിമോചനത്തിന്റെ മുഖംമൂടി ഈ പ്രസ്ഥാനത്തിനുമുണ്ട്. പരിഹാരത്തിലേക്കല്ല, പിരിമുറുക്കത്തിലേക്കാണ് ഈ പ്രശ്നവും നീങ്ങുന്നതെന്നു കരുതേണ്ടിയിരിക്കുന്നു.

'രാമജന്മഭൂമി' എന്നു ഹിന്ദുക്കളും 'ബാബറിമസ്ജിദ്' എന്നു മുസ്ലിങ്ങളും വിളിക്കുന്ന ഉത്തരപ്രദേശിൽ അയോദ്ധ്യയിലുള്ള ആരാധനാലയം, കോടതിയുടെ കല്പനപ്രകാരം, 1986 ഫെബ്രുവരി 1 മുതൽ ഹിന്ദു ആരാധകരുടെ കൈവശമാണ്. ഇതിന്റെ ഉടമസ്ഥത സംബന്ധിച്ച തർക്കം അന്തിമമായി, കോടതിയിലൂടെ, പരിഹരിക്കപ്പെടുമെന്ന പ്രതീക്ഷ ഇന്നില്ല. രണ്ടു മതവിഭാഗങ്ങളിലുംപെട്ടവർ പരസ്പരം ചർച്ചചെയ്ത്, സമാധാനപരമായി ഈ പ്രശ്നം ഒത്തുതീർക്കുമെന്നു കരുതാനും വഴി കാണുന്നില്ല. 'മജ്‌ലിസ്–എ–മുഷാവറാത്' എന്ന മുസ്ലിം സംഘടന 1986 ഡിസംബറിൽ വിളിച്ചുകൂട്ടിയ ബാബറിമസ്ജിദ് കോൺഫറൻസ്, ഹിന്ദുക്കളിൽനിന്ന് ഈ ആരാധനാലയം വീണ്ടെടുക്കുന്നതിനുള്ള ഒരു കർമപരിപാടി തയ്യാറാക്കിയിട്ടുണ്ട്. ഈ കർമപരിപാടിയുടെ തുടക്കമായി, 1987–ലെ റിപ്പബ്ലിക് ദിനാഘോഷങ്ങൾ ഇന്ത്യയിലെ മുസ്ലിങ്ങൾ ബഹിഷ്കരിക്കണമെന്ന് കോൺഫറൻസ് ആവശ്യപ്പെട്ടു. ബഹിഷ്കരണംകൊണ്ടു ഫലമുണ്ടായില്ലെങ്കിൽ, ഇന്ത്യയുടെ വ്യത്യസ്ത ഭാഗങ്ങളിൽനിന്ന് ബാബറിമസ്ജിദിലേക്ക് മുസ്ലിങ്ങളുടെ ഘോഷയാത്രകൾ സംഘടിപ്പിക്കുന്നതാണെന്നും പ്രസ്താവിക്കപ്പെട്ടിട്ടുണ്ട്. ഈ ഘോഷയാത്രാപരിപാടി നടപ്പിൽ വരുന്നപക്ഷം എന്തു സംഭവിക്കുമെന്ന് ഏതാണ്ട് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. റിപ്പബ്ലിക് ദിനാഘോഷം ബഹിഷ്കരിക്കാനുള്ള പ്രമേയം ബാബറിമസ്ജിദ് കോൺഫറൻസിൽ അവതരിപ്പിച്ചത് ജനതാപാർട്ടിയിലെ ഒരു പ്രമുഖാംഗമായ സയ്യദ് ഷിഹാബുദ്ദീൻ എം. പി. ആയിരുന്നു; അതു പിൻതാങ്ങിയത് ഇന്ത്യൻ യൂണിയൻ മുസ്ലിംലീഗിന്റെ പ്രസിഡണ്ടായ ഇബ്രാഹിം സുലൈമാൻസേട്ട് എം. പി. യും. പാർട്ടി പരിഗണനകളെല്ലാം വിട്ട്, മുസ്ലി

ങ്ങളുടെ ഏക പ്രശ്നമായി, ബാബറിമസ്ജിദ് വിമോചനം അവതരിപ്പിക്കപ്പെടുമെന്നതാണ് ഇതിന്റെ സൂചന.

ലോകത്തിൽ ആകെ എൺപതുകോടിയോളം മുസ്ലിങ്ങൾ ഉണ്ട്. ഇവരിൽ പകുതിയോളംപേർ ഇസ്ലാമികരാഷ്ട്രങ്ങളിൽ പാർക്കുന്നു. ആകെ നാല്പതുകോടിയോളം മുസ്ളിങ്ങൾ പാർക്കുന്നതു് അവർക്കു ഭൂരിപക്ഷമില്ലാത്ത രാഷ്ട്രങ്ങളിലാണ്. മുസ്ളിം ന്യൂനപക്ഷ രാഷ്ട്രങ്ങളിലെ മുസ്ളിങ്ങളുടെ താല്പര്യം സംരക്ഷിക്കുവാനായി 'മൊതാമർ അൽ ആലം അൽ ഇസ്ലാമി' എന്ന ഒരു അന്താരാഷ്ട്രീയ സംഘടന 'ഓർഗനൈസേഷൻ ഓഫ് ഇസ്ലാമിക് കോൺഫറൻസ്'' (ഒ. ഐ. സി.) എന്ന സംഘടനയുടെ സഹകരണത്തോടെ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ സംബന്ധിച്ച ചില വിവരങ്ങൾ 1986 ഡിസംബർ 21—ലെ 'പാകിസ്ഥാൻ ടൈംസ് ഓവർസീസ് വീക്കിലി'യിലെ ഒരു ലേഖനത്തിൽനിന്നു ലഭിക്കുന്നു. മുസ്ളിങ്ങൾക്കു ഭൂരിപക്ഷമില്ലാത്ത രാഷ്ട്രങ്ങളിലെ മുസ്ളിങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച വേണ്ടതു പ്രവർത്തിക്കാൻ ഒരു സ്പെഷ്യൽ ഡയറക്ടറേററ് ഒ. ഐ. സി. സ്ഥാപിച്ചിട്ടുണ്ട്. ഈ രാഷ്ട്രങ്ങളിലെ മുസ്ളിം ന്യൂനപക്ഷങ്ങൾക്ക് സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനോ വിവേചനത്തിൽനിന്നും മതപീഡനത്തിൽനിന്നും രക്ഷ നേടാനോ, സംഘടിതസ്ഥാപനങ്ങൾ ഒന്നുമില്ലെന്ന് മൊതാമർ സംഘടനയുടെ സെക്രട്ടറി ജനറൽ പറയുന്നു. മൊതാമർ സംഘടന നിറവേററുന്നതു് ഈ കർത്തവ്യമാണ്. സ്വന്തം സാംസ്കാരികമൂല്യങ്ങൾ സംരക്ഷിക്കുന്നതിനും സാമൂഹ്യ—സാമ്പത്തികനില ഉയർത്തുന്നതിനും മുസ്ളിം രാഷ്ട്രങ്ങളുടെ സഹായം അമുസ്ളിം രാഷ്ട്രങ്ങളിലെ മുസ്ളിം ന്യൂനപക്ഷങ്ങൾക്ക് ആവശ്യമുണ്ടെന്ന് മൊതാമർ സംഘടന കരുതുന്നു. 'ചില ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ മുസ്ളിം ന്യൂനപക്ഷങ്ങൾ സാമൂഹ്യവും സാമ്പത്തികവുമായ അനീതിക്ക് ഇരയാവുന്നു. എന്നു മാത്രമല്ല, അവരുടെ സാംസ്കാരികത്തനിമയ്ക്കു ക്രിസ്ത്യൻ മിഷണറിമാർ ഭീഷണി സൃഷ്ടിക്കുകയുംചെയ്യുന്നു. സ്വന്തം രാഷ്ട്രീയ വ്യക്തിത്വം നിലനിർത്താൻ ഫിലിപ്പൈൻസിൽ മുസ്ളിങ്ങൾ ആയുധമെടുത്തു പൊരുതിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ മുസ്ളിം വിരുദ്ധലഹളകൾ നിത്യസംഭവങ്ങളാണ്. ഈ ലഹളകളിൽ മുസ്ളിങ്ങളുടെ ജീവൻ നഷ്ടപ്പെടുന്നതിനുപുറമെ, സാമ്പത്തികമായി മുസ്ളിങ്ങൾ നശിക്കുകയുംചെയ്യുന്നു. മുസ്ളിങ്ങൾക്കു സ്വകാര്യസ്ഥാപനങ്ങളിൽ ജോലികൾ കിട്ടുക എളുപ്പമല്ല. സർക്കാർ ജോലികളിലും അവരുടെ എണ്ണം എത്രയോ കുറവാണ്. സോവിയററ് യൂണിയനിലെ മുസ്ളിങ്ങൾ വ്യത്യസ്തമായ വ്യക്തിത്വം നിലനിർത്തുന്നതിൽ അനുഭവിക്കുന്ന പ്രയാസങ്ങൾ മററൊരു പഠനമേഖലയാണ്....പാശ്ചാത്യരാഷ്ട്രങ്ങളിലെ മുസ്ലിങ്ങളുടെ സ്ഥിതിയും മനശ്ശാസ്ത്രപരവും സാംസ്കാരികവുമായ പ്രത്യേക പ്രശ്നങ്ങളും തുല്യപ്രാധാന്യത്തോടെ പഠനം അർഹിക്കുന്നു....ഈ പ്രശ്നങ്ങൾ സംബന്ധിച്ച് അതാതു ഗവണ്മെൻറുകളുമായി നേരിട്ട് ഇടപെടുക പ്രായോഗികമായേക്കുകയില്ല; കാരണം, തങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ കൈയിടലായി ഈ ഗവണ്മെൻറുകൾ ഇതിനെ വ്യാഖ്യാനിക്കും. എന്നാൽ, മുസ്ലിം ന്യൂനപക്ഷങ്ങളെയും അവരുടെ പ്രശ്നങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതും, ഈ വിവരങ്ങൾ ലോകത്തിലെങ്ങുമുള്ള വാർത്താവിതരണമാധ്യമങ്ങളിലൂടെ ജനശ്രദ്ധയിൽപ്പെടുത്തുന്നതും, പ്രശ്നപരിഹാരത്തിനു ശക്തിയായ സമ്മർദം സൃഷ്ടിക്കാതിരിക്കുകയില്ല' എന്നു് ഈ ലേഖനത്തിൽ കാണുന്നു. മൊതാമർ സംഘടനയുടെ ലക്ഷ്യങ്ങളും പ്രവർത്തനക്രമവും ഈ വാകൃങ്ങളിൽ വിവരിക്കപ്പെട്ടിരിക്കുന്നു.

ബാബറിമസ്ജിദ് പ്രശ്നം ഉഭയപക്ഷങ്ങൾക്കും തൃപ്തികരമായി

പരിഹരിക്കപ്പെടുമെന്നു കരുതുവാൻ സാഹചര്യങ്ങൾ നമ്മെ അനുവദിക്കുന്നില്ല. ഈ പ്രശ്നത്തെ അടിസ്ഥാനമാക്കി മജ്‌ലിസ്–ഏ–മുഷാവറാത്തോ മററ് ഏതെങ്കിലും മുസ്ലിം സംഘടനയോ, സംഘടനകളോ, ഒരു പ്രസ്ഥാനം ആരംഭിക്കുന്നപക്ഷം, ഇന്ത്യയ്ക്കുകത്തു വ്യാപകമായ അസ്വസ്ഥതകൾ പൊട്ടിപ്പുറപ്പെടുമെന്ന് ഏറെക്കുറെ ഊഹിക്കാവുന്നതേയുള്ള. അതോടൊപ്പം ഇന്ത്യയുടെ ഈ ആഭ്യന്തരപ്രശ്നം അന്താരാഷ്ട്രീയവത്കരിക്കപ്പെടാനും സാധ്യതയുണ്ടെന്ന് മുൻചേർത്ത ഉദ്ധാരണത്തിൽ നിന്നു വ്യക്തമാകുന്നു.

കേരളത്തിലും മററു ചില സംസ്ഥാനങ്ങളിലും നിയമസഭകളിലേക്കുള്ള തെരഞ്ഞെടുപ്പുകൾ 1987—ൽ നടക്കുമെന്നു പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള പ്രശ്നങ്ങളെ തെരഞ്ഞെടുപ്പുകൾ പരിഹരിക്കുന്നില്ലെന്നും അവ പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കുക മാത്രമേ ചെയ്യുന്നുള്ള എന്നുമാണ്, പഞ്ചാബിലേയും അസമിലേയും ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുകൾ നമ്മെ പഠിപ്പിച്ചിട്ടുള്ളത്.

ചുരുക്കത്തിൽ, 1986—നെ അപേക്ഷിച്ച്, മനുഷ്യവർഗത്തിനു പൊതുവെയും ഭാരതീയർക്കു പ്രത്യേകിച്ചും സുഖമോ, സമാധാനമോ, സംതൃപ്തിയോ 1987—ൽ നൽകുമെന്ന പ്രതീക്ഷ അസ്ഥാനത്തിലാണ്. കൂടുതൽ ക്ലേശങ്ങൾ വലിച്ചുവയ്ക്കാതെ കടന്നുപോയാൽത്തന്നെ 1987—ാമാണ്ടിനോടു നാം നന്ദിയുള്ളവരായിരിക്കണം!

(2 ഫെബ്രുവരി, 1987)

# 32. ഗോർബച്ചേവ് ഇന്ത്യയിൽ

ഭാരതീയജനതയുടെ മാത്രമല്ല, മനുഷ്യവർഗത്തിന്റെയാകെത്തന്നെ സമകാലിക ചരിത്രത്തിൽ പ്രസ്താവാർഹമായ ഒരു പ്രധാന സംഭവമായിരുന്നു സോവിയററ് കമ്യൂണിസ്റ്റ്പാർട്ടി ജനറൽ സെക്രട്ടറി മിഖായിൽ ഗോർബച്ചേവിന്റെ ഇന്ത്യാസന്ദർശനം. 1986 നവംബർ 25—ാം തീയതി ദില്ലിയിൽ വിമാനം ഇറങ്ങിയപ്പോൾമുതൽ 28—ാം തീയതി തിരിച്ചുപോകുന്നതുവരെ നാലു ദിവസങ്ങളിൽ മി. ഗോർബച്ചേവും, സോവിയററ് വിദേശകാര്യമന്ത്രി മി. എഡ്വേർഡ് ഷെവർദ്നദ്സേയും, സോവിയററ് സൈനികമേധാവി മാർഷൽ സെർഗി അഖ്റോണെയേവും, ഇവരോടൊപ്പം എത്തിയിരുന്ന മററു സോവിയററ് ഉദ്യോഗസ്ഥന്മാരും, അതാതു തലങ്ങളിലുള്ള ഇന്ത്യൻ നേതാക്കളോടും ഇന്ത്യൻ ഉദ്യോഗസ്ഥന്മാരോടും പ്രയോജനപ്രദങ്ങളായ ചർച്ചകൾ നടത്തി. ഒരു തർജമക്കാരനൊഴികെ മററാരുടെയും സാന്നിദ്ധ്യമില്ലാതെ, പത്തു മണിക്കൂർ സമയം മി. ഗോർബച്ചേവും ശ്രീ രാജീവ് ഗാന്ധിയും തമ്മിൽ നടന്ന സംഭാഷണം ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. ഇന്ത്യയും സോവിയററ് യൂണിയനുമിടയ്ക്ക് ദീർഘകാലമായി നിലനിന്നുവരുന്ന സൗഹൃദബന്ധത്തെ പുഷ്ടിപ്പെടുത്താൻ മാത്രമല്ല, ഈ രണ്ടു രാജ്യങ്ങളിലും പാർക്കുന്ന നൂറുകോടി ജനങ്ങൾക്കു സമകാല ലോകസംഭവങ്ങളെക്കുറിച്ചുള്ള വീക്ഷണം വ്യക്തമാക്കുന്നതിനും, അണുആയുധനിരോധനത്തിനുവേണ്ടിയും സംഘർഷം ഒഴിവാക്കി ഏഷ്യയിൽ സമാധാനം ഭദ്രമാക്കുന്നതിനുവേണ്ടിയും ഏഷ്യയിലെയും ആഫ്രിക്കയിലെയും ജനകോടികളുടെ ജീവിതനിലവാരം ഉയർത്തുന്നതിന് ആഗോളവ്യാപ